നം.DDDKER/2256/2024-C2

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം -695004
ഫോൺ :0471-2445749, 2445799
e-mail: dir.dairy@kerala.gov.in
cru.ddd@kerala.gov.in

തീയതി:23-08-2024

## സർക്കുലർ നം.36/2024

വിഷയം:- ക്ഷീരവികസന വകുപ്പ് - ക്ഷീരകർഷകർക്ക് പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളിൽ നിന്നും അധിക പാൽവില നൽകുന്നത് - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1 ) ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ 10/06/2015 ലെ സി2/5844/2015 നമ്പർ സർക്കുലർ.

2 ) ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ 04/05/2022 ലെ 18/2022 നമ്പർ സർക്കുലർ.

മേൽസൂചന (1), (2) സർക്കുലറുകൾ പ്രകാരം ക്ഷീരകർഷകർക്ക് അധിക പാൽ വില നൽകുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ക്ഷീരകർഷകരുടേയും ക്ഷീരസംഘങ്ങളുടേയും ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ടാണ് പ്രസ്തുത സർക്കുലറുകളിൽ വിവിധ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുള്ളത്. കർഷകർക്ക് പരമാവധി പാൽ വില നൽകുന്നതിന് സംസ്ഥാന സർക്കാരും ക്ഷീരവികസന വകുപ്പും പ്രതിജ്ഞാബദ്ധരാണ്. അനിയന്ത്രിതമായി വർദ്ധിച്ചു വരുന്ന കന്നുകാലികളുടെ തീറ്റച്ചെലവ് മൂലവും, കാലാവസ്ഥ വ്യതിയാനം മൂലവും കന്നുകാലി വളർത്തൽ പ്രതിസന്ധി നേരിടുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. ഉല്പാദന ചെലവിന്റെ വർദ്ധനവ് ക്ഷീരകർഷകർ ഈ മേഖല വിട്ടുപോകുന്നതിന് ഇടയാകുന്നു. ക്ഷീരകർഷകരെ ഈ മേഖലയിൽ പിടിച്ചു നിർത്തിക്കൊണ്ടും, പുതിയ ആളുകളെ ഈ മേഖലയിലേയ്ക്ക്

ആകർഷിച്ചുകൊണ്ടും, പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ക്ഷീരവികസന വകുപ്പും മറ്റ് അനുബന്ധ വകുപ്പുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ക്ഷീര സഹകരണ സംഘങ്ങളും മേഖലാ യൂണിയനുകളും തങ്ങളുടെ സ്വന്തം ഫണ്ടിൽ നിന്നും നൽകുവാൻ കഴിയുന്ന ധനസഹായങ്ങളും ക്ഷീരകർഷകർക്ക് നൽകി വരുന്നുണ്ട്. മേൽ സാഹചര്യങ്ങൾ നിലനിൽക്കെതന്നെയാണ് ക്ഷീരകർഷകർക്ക് അധിക പാൽ വില ചില വ്യവസ്ഥകൾക്ക് വിധേയമായി ക്ഷീര സഹകരണ സംഘങ്ങൾ മേൽ സർക്കുലറുകൾ പ്രകാരം നൽകി വരുന്നത്. ഈ നടപടി ക്ഷീരകർഷകർക്ക് വളരെയധികം ആശ്വാസം നൽകിയതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ക്ഷീരസഹകരണ സംഘങ്ങളിൽ പാൽ നൽകി വരുന്ന കർഷകരെ സഹായിക്കുന്നതിനായി ഈ വിഷയത്തിൽ കൂടുതൽ ഇളവുകൾ അനുവദിയ്ക്കുന്നത് ഉചിതമാകുമെന്ന് കരുതുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ക്ഷീരകർഷകർക്ക് അധിക പാൽ വില നൽകുന്നതിന് പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

- മുൻ സാമ്പത്തിക വർഷത്തെ ആകെ വ്യാപാരലാഭത്തിന്റെ പരമാവധി 10 ശതമാനം തുകയിൽ അധികരിക്കാത്ത തുകയേ നടപ്പുസാമ്പത്തിക വർഷം അധിക പാൽവിലയായി നൽകുവാൻ പാടുള്ളൂ.
- കഴിഞ്ഞ 3 വർഷം അറ്റലാഭത്തിൽ പ്രവർത്തിച്ച ക്ഷീര സംഘമായിരിക്കണം.
- സംഘത്തിന് രണ്ട് വർഷത്തിൽ കൂടുതൽ ഓഡിറ്റ് കുടിശ്ശിക ഇല്ലാതിരിക്കുക അല്ലെങ്കിൽ സംഘത്തിൽ ഓഡിറ്റ് കുടിശ്ശിക വന്നത് സംഘത്തിന്റെ പ്രവർത്തന അനാസ്ഥമൂലമല്ലാത്തതായിരിക്കണം.
- അധിക പാൽ വില നൽകുന്നതുകൊണ്ട് സംഘത്തിന്റെ നിലവിലെ ക്ലാസ്സിഫിക്കേഷനിൽ കുറവ് വരാൻ പാടുള്ളതല്ല.
- സംഘം ജീവനക്കാരുടെ സെക്ഷൻ 80 പ്രകാരം ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിൽ കുറവ് വരാനോ, തടസ്സങ്ങൾ ഉണ്ടാകുവാനോ പാടുള്ളതല്ല.
- അധിക പാൽ വില നൽകുന്നത് വഴി സംഘം യാതൊരു കാരണവശാലും

അറ്റ നഷ്ടത്തിലേയ്ക്ക് പോകുവാൻ പാടില്ല.

- സംഘത്തിലെ മെമ്പർ, നോൺ മെമ്പർ എന്ന വേർതിരിവില്ലാതെ എല്ലാ ക്ഷീരകർഷകർക്കും അധിക പാൽ വില നൽകേണ്ടതാണ്. ആയതിന് അർഹതയുള്ള കർഷകരുടെ ലിസ്റ്റ് സംഘം നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതും ഒരു പകർപ്പ് ബ്ലോക്ക് ക്ഷീരവികസന ഓഫീസിൽ നൽകേണ്ടതുമാണ്.
- മുൻ സാമ്പത്തിക വർഷം ഓഡിറ്റ് കഴിയാത്ത ക്ഷീരസംഘങ്ങൾ ടെന്റേറ്റീവ് ആയി വ്യാപാര ലാഭ നഷ്ട കണക്ക് തയ്യാറാക്കി, വ്യാപാരലാഭത്തിന്റെ 10 ശതമാനം കണ്ടെത്താവുന്നതാണ്.
- ക്ഷീരകർഷകർ നൽകുന്ന പാലിന്റെ ഗുണനിലവാരത്തിന് അനുസൃതമായി അധിക പാൽ വില നൽകുന്നതിന്റെ സാധ്യതകൾ സംഘം പരിശോധിക്കേണ്ടതാണ്.
- സംഘംപരിശോധനാവേളയിൽ മേൽപറഞ്ഞ നിബന്ധനകൾക്ക് വിധേയമായിട്ടാണ് അധികപാൽവില സംഘം നൽകുന്നത് എന്ന് വകുപ്പിലെ ഫീൽഡ്തല ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതാണ്.

മുകളിൽ സൂചിപ്പിച്ച നിബന്ധനകൾ പൂർണ്ണമായും പാലിക്കുന്നതിന് സാധിക്കാത്ത ക്ഷീരസംഘങ്ങൾക്ക് സൂചന (1), (2) സർക്കുലർ അടിസ്ഥാനമാക്കി ക്ഷീരവികസന വകുപ്പ് ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ മുൻകൂർ അനുമതിയോടുകൂടി ക്ഷീരകർഷകർക്ക് അധിക പാൽവില നൽകാവുന്നതാണ് എന്നും അറിയിക്കുന്നു.

**ക്ഷീരസഹകരണ സംഘം രജിസ്ട്രാർ/ഡയറക്ടർ**

പകർപ്പ്:- 1) ജോയിന്റ് ഡയറക്ടർ (ജനറൽ, പ്ലാനിംഗ്, എസ്.ഡി.എൽ)

2) ഡെപ്യൂട്ടി ഡയറക്ടർ (ജനറൽ, പ്ലാനിംഗ്, എക്സ്റ്റൻഷൻ, IT&e-Gov)

Signed by
Asif K Yusuf
Date: 23-08-2024 12:18:38

3) എല്ലാ  ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും

4) എല്ലാ ക്ഷീരവികസന ഓഫീസർമാർക്കും(ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം)

5) എല്ലാ ക്ഷീരസംഘങ്ങൾക്കും (ഉചിതമാർഗ്ഗേന)

6) DFI, IT Cell (Website ൽ പ്രസിദ്ധീകരിക്കുന്നതിനായി)